# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26



ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

അഴീക്കോട് ,മീൻകുന്ന്

# ആമുഖം

നിരീക്ഷിക്കുകയും പരീക്ഷിക്കുകയും തന്റേതായ രീതിയിൽ നൂതനവിഷ്കാരം നടത്തുന്നതിന് വേണ്ടിയുള്ള ഇടങ്ങളായി മാറണം പൊതുവിദ്യാലയങ്ങൾ. പഠനം ആസ്വാദ്യകരമാക്കാനും താല്പര്യം ജനിപ്പിക്കും വിധം അറിവ് നിർമിക്കുവാനുമുള്ള കേന്ദ്രങ്ങളായി വേണം ക്ലാസ് മുറികൾ .

ഓരോ കുട്ടിയും അനന്യ വ്യക്തിത്വങ്ങളാണ്. സ്വതന്ത്രരായി വളരാനും സമൂഹത്തിൽ ക്രിയാത്മകമായി ഇടപെട്ടു കൊണ്ട് പ്രവർത്തികമാക്കാനുമുള്ള അവസരം അഥവാ മാർഗം ഓരോ പഠിതാവ്നും ലഭ്യമാക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ജീവിത ഗന്ധിയായ പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഒരുക്കാൻ ഓരോ വിദ്യാലയവും പ്രതിജ്ഞാബദ്ധരാകേണ്ടത് അത്യന്താപേക്ഷിതമാണ്.

# ചരിത്രം

അഴീക്കോടിന്റെ മുഖഛായ തന്നെ മാറ്റിക്കൊണ്ട് 1850–55 കാലഘട്ടത്തിൽ വായ്പറമ്പ് ചാൽ തറവാട്ടിലെ കേളൻ ഗുരുക്കൾ പഠനത്തിനായി തദ്ദേശവാസികൾക്ക് ഗുരുകുല മാതൃകയിൽ ഓല കൊണ്ട് നിർമിച്ച ഒരു കുടിപള്ളിക്കൂടം സ്ഥാപിച്ചു. കാലക്രമേണ അത് ബോർഡ് സ്കൂളും എൽ പി യു പി ഹൈസ്കൂൾ ഹയർ സെക്കണ്ടറിയുമായി 1934 ൽ മലബാർ സ്റ്റേറ്റും 1938 ൽ ഡിസ്ട്രിക്റ്റ് ബോർഡും ഏറ്റടുത്തു. 1980 ൽ ഹൈസ്കൂളും 2007 ൽ ഹയർ സെക്കണ്ടറി സ്കൂളായും അപ്ഗ്രേഡ് ചെയ്തു.

# ലക്ഷ്യങ്ങൾ

1. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപേക്ഷത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
2. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
3. അധ്യാപനവും അധ്യയനവുംസർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
4. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
5. മാനവികത, സ്നേഹം, കരുണ വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യ സൃഷ്ടിക്കൽ.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷിവികസനം
- ഇംഗ്ലീഷ് പഠന പരിപോഷണ പരിപാടി
- ശാസ്ത്രപോഷണ പരിപാടി
- വായനാ പരിപോഷണം
- ജൈവ വൈവിധ്യ പാർക്ക്
- പഠനയാത്ര
- സെമിനാറുകൾ
- കലാ – കായികമേള
- ഐ ടി പരിശീലനം
- ക്ലാസ് പി ടി എ സജീവമാക്കൽ
- ശാസ്ത്രാഭിരുചി വളർത്തൽ
- പച്ചക്കറിത്തോട്ടം
- ഗണിത ലാബ്
- ഭാഷാലാബ്
- മൂല്യനിർണയം, നിരന്തര വിലയിരുത്തൽ
- ദിനാചരണം
- കായിക പഠനം
- ഗവേഷണാത്മകമായ പ്രവർത്തങ്ങൾ

# മേഖല – എൽ പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും ലളിതമായ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. | ചിത്ര കാർഡുകൾ ,വായന കാർഡുകൾ നിർമാണ ശില്പശാല<br>സചിത്ര നോട്ട് ,സംയുക്ത ഡയറി | ജൂൺ<br>ജൂലൈ | എസ് ആർ ജി<br>ക്ലാസ് ടീച്ചർ<br>ക്ലാസ് പി ടി എ | |
| പാട്ടരങ്ങ്, റീഡേഴ്സ് തീയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു | റീഡേഴ്സ് തീയേറ്റർ ,പാട്ടരങ്ങ്, മധുരം മലയാളം പ്രവർത്തനങ്ങൾ | ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>ക്ലാസ് പി ടി എ | പി ടി എ |
| സ്വന്തമായി എഴുതാനും വായിക്കാനും ശേഷിയുള്ളവരായിത്തീരുക | സ്വതന്ത്ര രചന അനുഭാവാധിഷ്ഠിതമായ ഭാഷാപഠനം | സെപ്റ്റംബർ | എസ് ആർ ജി<br>ക്ലാസ് ടീച്ചർ<br>ക്ലാസ് പി ടി എ | പി ടി എ |
| സർഗ്ഗശേഷികൾ വികസിപ്പിക്കാൻ | ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു | ഒക്ടോബർ | ക്ലാസ് ടീച്ചർ<br>ക്ലാസ് പി ടി എ<br>എച്ച് എം | പി ടി എ |
| വായന പരിപോഷിപ്പിക്കാൻ | വായനോത്സവം തുടങ്ങുന്നു – കൂട്ട വായന ,ചെറിയ വായനാ കാർഡുകൾ ,ബാലസാഹിത്യ കൃതികൾ ഉപയോഗിച്ച് പരസ്പര വായന | നവംബർ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| കുട്ടികൾ ആശയം പങ്കിടുന്നു | ദൈനദിന അനുഭവം എഴുതൽ<br>കുഞ്ഞെഴുത്തുപുസ്തകം | ഡിസംബർ<br>ജനുവരി | | |
| | തത്സമയ രചനകൾ മികവുകൾ<br>സമൂഹത്തിനു മുൻപിൽ | ഫെബ്രുവരി<br>മാർച്ച് | എസ് ആർ ജി<br>ക്ലാസ് ടീച്ചർ<br>ക്ലാസ് പി ടി എ | പി ടി എ |
| എഴുത്തുകാരെയും<br>സാഹിത്യകാരന്മാരെയും<br>പരിചയപ്പെടൽ.<br>ഡോക്യൂമെന്റ്ഷന് | പഠനത്തോടൊപ്പം കലാപരമായ<br>പ്രവർത്തനങ്ങളിലും താൽപര്യം<br>ജനിപ്പിക്കുക | ഡിസംബർ<br>ജനുവരി | ക്ലാസ് ടീച്ചർ<br>എസ് ആർ ജി<br>എച്ച് എം | |
| മികവുകൾ സമൂഹത്തിനു<br>മുൻപിൽ കുട്ടികൾ<br>തയ്യാറാക്കിയ രചനകൾ<br>പ്രകാശനം | സർഗ്ഗാത്മക കഴിവുകൾ<br>വികസിപ്പിക്കുകയും സാമൂഹികമായ<br>ഇടപെടലുകൾക്ക് അവസരം നൽകുക | ഫെബ്രുവരി -<br>മാർച്ച് | ക്ലാസ് ടീച്ചർ<br>എസ് ആർ ജി | പി ടി എ |

| മേഖല – യു. പി. മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്തരാക്കുന്നു. | *കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ,കവിത,യാത്രാനുഭവം,അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>*അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുന്നു.<br>*ചില വിഷയങ്ങൾ കൊടുത്ത് ലഘുകുറിപ്പ് തയ്യാറാക്കൽ. | ജൂൺ ,ജൂലൈ , ആഗസ്റ്റ് | ക്ലാസ്<br>പി ടി എ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക | *പത്രവായന ക്ലാസ് തലം<br>*ആഴ്ചയിൽ സ്കൂൾ ലൈബ്രറി പുസ്തകവായനയും തുടർന്ന് വായനകുറിപ്പ് തയ്യാറാക്കൽ. | എല്ലാ ദിവസവും | മലയാളം അധ്യാപകൻ | |
| | <u>വാർത്താവായന</u><br>*നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>*അതാത് മാസത്തെ പ്രധാന | പ്രതിമാസം | മലയാളം അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | സംഭവങ്ങൾ , ലൈബ്രറിപുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തും. | | | |
| ദിനാചരണങ്ങൾ തിരിച്ചറിയൽ | എല്ലാ ദിനാചരണങ്ങളുടെയും പ്രാധാന്യം വ്യക്തമാക്കുന്ന രീതിയിൽ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | വർഷം മുഴുവൻ | മലയാളം ക്ലബ് | |
| മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നേടിയെടുക്കലും സർഗാത്മകശേഷി വളർത്തലും | ഇ–കമ്പ്യൂട്ടിംഗ് –മുഴുവൻ കുട്ടികളെയും മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുകയും ഇ–മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | ഒരു വർഷം | ഐ.ടി. അധ്യാപകൻ | |

| മേഖല – ഹൈസ്ക്കൂൾ മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| *മലയാള ഭാഷയുടെ അടിസ്ഥാനശേഷി വികസനം.<br>*ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>*അക്ഷരവടിവ്, ചിഹ്നങ്ങൾ എന്നിവയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കൽ | *പ്രീ ടെസ്റ്റ്<br>*അക്ഷരം ഉറപ്പിക്കൽ<br>*പദനിർമാണം<br>*വാക്യനിർമാണം<br>*ഭാഷാകേളി<br>*കേട്ടെഴുത്ത്<br>*ചിത്രം നോക്കി കഥ തയ്യാറാക്കൽ<br>*കോപ്പി എഴുതിക്കൽ<br>*അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച പദങ്ങൾ ,വാക്യങ്ങൾ എന്നിവ നിർമിക്കുന്നു | ജൂൺ ആദ്യവാരം<br>ജൂൺ –ആഗസ്റ്റ് എല്ലാ ദിവസവും | മലയാളം അധ്യാപകൻ | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | *ക്ലാസ് തല വായനക്കൂട്ടം രൂപീകരണം<br>*എല്ലാ മാസവും പുസ്തക മാസമായി പരിഗണിക്കുക<br>*ജൂലൈ – ബഷീർ കൃതികൾ<br>*ആഗസ്റ്റ് – കഥാമാസം<br>*സെപ്റ്റംബർ – കവിതാമാസം | ജൂലൈ – ഡിസംബർ | മലയാളം അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | *ഒക്ടോബർ– നോവൽ മാസം<br>*നവംബർ – നാടക മാസം<br>*ഡിസംബർ – ആത്മകഥ<br>*പത്രവായനയെ ആസ്പദമാക്കി എല്ലാ വെള്ളിയാഴ്ചയും ക്വിസ് ജനുവരിയിൽ മെഗാക്വിസ് (വെള്ളിയാഴ്ചകളിലെ വിജയികൾക്ക്)<br>*പുസ്തകചർച്ച<br>*വായനാനുഭവങ്ങൾ പങ്കുവെക്കൽ<br>*വായനക്കുറിപ്പ് –പതിപ്പ്<br>* നാലുവരി കവിത എല്ലാദിവസവും ബോർഡിൽ പ്രദർശിപ്പിച്ച് ആശയ ഭംഗി എഴുതൽ | ജൂലൈ – ജനുവരി | | |
| കുട്ടികളെ എഴുത്തിലേക്ക് നയിക്കൽ | * എഴുത്തുകൂട്ടം രൂപീകരണം<br>*പുസ്തകചർച്ച<br>*വായനക്കുറിപ്പ്– അവതരണം /പതിപ്പ്<br>*കവിതാലാപനം<br>*എഴുത്തുകൂട്ടം –ശില്പശാല<br>*ക്ലാസ് മാഗസിൻ<br>* വ്യക്തിഗത സ്വതന്ത്ര രചനയ്ക്ക് അവസരം നൽകൽ<br>* കഥാരചന /കവിതാരചന മത്സരം | സെപ്റ്റംബർ – ജനുവരി | പി ടി എ<br>മലയാളം യു പി, എച്ച് എസ് അധ്യാപകർ | പി ടി എ |
| സദസ്സിനെ അഭിമുഖീകരിച്ചു സംസാരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | *ശില്പശാല – പ്രസംഗ പരിശീലനം<br>* വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ / അവതരിപ്പിക്കൽ<br>*മികച്ച പ്രസംഗങ്ങൾ – ഓഡിയോ /വീഡിയോ എന്നിവ കേൾക്കാൻ | ഒക്ടോബർ – ജനുവരി | പി ടി എ<br>മലയാളം അധ്യാപകർ | പി ടി എ |

| | | | | |
|---|---|---|---|---|
| | അവസരം നൽകൽ | | | |
| CWSN, മറ്റ് കുട്ടികൾ എന്നിവർക്ക് അവരുടെ സർഗാത്മകമായ കഴിവുകൾ പ്രടിപ്പിക്കുവാൻ അവസരം നൽകൽ | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ ,നൃത്തശില്പം , ഡോക്യുമെന്ററി എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കൽ<br>*ചിത്ര രചനയ്ക്ക് അവസരം നൽകൽ | ജൂൺ – ഫെബ്രുവരി | അധ്യാപകർ<br>രക്ഷിതാക്കൾ<br>വിദ്യാരംഗം കലാസാഹിത്യ വേദി | |
| ദിനാചരണങ്ങൾ | പ്രധാനപ്പെട്ട ദിനങ്ങളുടെ പ്രധാന്യം ഉൾക്കൊണ്ട് വിവിധ പ്രവർത്തങ്ങളിൽ ഏർപ്പെടൽ | ജൂൺ – ഫെബ്രുവരി | അധ്യാപകർ | |

| മേഖല – എൽ പി – അറബിക് | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| അക്ഷര വായന – <br> *എഴുത്തുരീതി <br> *ചിഹ്നങ്ങൾ ചേർത്ത് വായന | *അക്ഷര കാർഡുകൾ നൽകുന്നു <br> *അക്ഷരങ്ങൾക്കു നിറം നൽകാൻ <br> *ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു <br> *ഐസിടി ഉപയോഗിക്കുന്നു <br> *അക്ഷരങ്ങൾ ഓൺലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു | ജൂൺ ,ജൂലൈ , ആഗസ്റ്റ് | ക്ലാസ് <br> പി ടി എ | |
| പദനിർമ്മാണം – പദശേഖരണം | *അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു <br> *പാഠപുസ്തകങ്ങൾക്കു പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരങ്ങൾ നൽകാം <br> *പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു | ആഗസ്റ്റ്, <br> സെപ്റ്റംബർ , <br> ഒക്ടോബർ | ക്ലാസ് <br> പി ടി എ | |
| ഉപചാരവാക്കുകൾ | പാഠപുസ്തകങ്ങളിലെ ഉപചാരവാക്കുകൾ | ആഗസ്റ്റ്, | ക്ലാസ് <br> പി ടി എ | |

| | | | | |
|---|---|---|---|---|
| മനസിലാക്കുന്നു | നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച ഉപയോഗിക്കുന്നു | സെപ്റ്റംബർ ,<br>ഒക്ടോബർ,<br>നവംബർ | | |
| മാഗസിൻ നിർമ്മാണം | *പുതിയ പദങ്ങൾ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു .<br>*ചിത്രങ്ങൾ വരയ്ക്കാം | ഡിസംബർ –<br>മാർച്ച് | ക്ലാസ്<br>പി ടി എ | |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെ ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു | ജൂൺ – മാർച്ച് | ക്ലാസ്<br>പി ടി എ | |

| മേഖല – ഹൈസ്ക്കൂൾ അറബിക് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളുടെ നിലവിലെ നിലാവാരം കണ്ടെത്താൻ | ബേസ് ലെവൽ ടെസ്റ്റ് | ജൂൺ ആദ്യ വാരം | അറബിക് അധ്യാപകർ | |
| CWSN ,SLOW LEARNERS<br>കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ | ബ്രിഡ്ജ് കോഴ്സ് | ജൂൺ രണ്ടാം വാരം | അറബിക് അധ്യാപകർ | |
| ശ്രവണശേഷി വളർത്തുക | അറബി കേൾക്കാനുള്ള അവസരം ഉണ്ടാക്കുന്നു. ആനിമേഷൻ വീഡിയോസ്,അറബിക് ഷോർട്ട് ഫിലിംസ്, റീൽസ് | വർഷം മുഴുവൻ | അറബിക് അധ്യാപകർ | |
| ഭാഷണശേഷി വളർത്തുക | Just a minute (JAM in Arabic) സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | എല്ലാ ദിവസവും | അറബിക് അധ്യാപകർ | |
| വായനശേഷി വളർത്തുക | അറബി വായന പരിപോഷണ പരിപാടി<br>ടെക്സ്റ്റ് ബുക്ക് , കുട്ടികളുടെ മാസികകൾ | പ്രതിദിനം | അറബിക് അധ്യാപകർ | |
| പ്രത്യേക പരിഗണന വേണ്ട കുട്ടികൾക്ക് പിന്തുണ ഉറപ്പാക്കൽ | പ്രത്യേക പരിഗണന വേണ്ട കുട്ടകൾ, പഠന പ്രയാസം നേരിടുന്നവർ ഇത്തരം കുട്ടികൾക്കായി പ്രത്യേകം പരിശീലനം, ഐസിടി മുഖാന്തിരം കൂടുതൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ രണ്ടു ദിവസം | അറബിക് അധ്യാപകർ , സ്റ്റുഡൻ്റസ് മെൻ്റർ | |

| | | | | |
|---|---|---|---|---|
| അധികവായന പ്രോത്സാഹനം | അറബിയിലുള്ള കുട്ടി കവിതകൾ ചെറുകഥകൾ എന്നിവ വായിപ്പിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | അറബിക് അധ്യാപകർ | |
| ഭാഷ ശേഷി വികസനം | അറബിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക അറബിക് അസ്സെംബ്ലി നടത്തുക | ദിനാചരണവുമായ ി ബന്ധപ്പെട്ട് | അറബിക് അധ്യാപകർ | |
| രചന ശേഷി പരിപോഷണം | അറബിക് കയ്യെഴുത്ത് മാസിക ചുമർ പത്രം ഡിജിറ്റൽ മാഗസിൻ | എല്ലാ മാസവും | അറബിക് അധ്യാപകർ , അലിഫ് അറബിക് ക്ലബ്,ലിറ്റിൽ കൈറ്റ്സ് | |
| പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക | ഒരു ദിനം ഒരു അറിവ് | ജൂൺ – ഫെബ്രുവരി | അറബിക് ക്ലബ് | |
| രചന ശേഷി വളർത്തൽ | രചന ശില്പശാല | സെപ്റ്റംബർ | അലിഫ് അറബിക് ക്ലബ് | |
| ഭാഷ അഭിനയം | അറബിക് അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം – അറബിക് റീൽസ്,ഡോക്യുമെന്ററി ,അറബിക് വാർത്തകൾ കാണാനുള്ള | ജൂലൈ ,ജനുവരി | അറബിക് അധ്യാപകർ , അലിഫ് അറബിക് | |

| | | | | |
|---|---|---|---|---|
| | അവസരം | | ക്ലബ്,ലിറ്റിൽ കൈറ്റ്സ് | |
| സാങ്കേതിക വിദ്യകളെ അടുത്തറിയുക ,ഭാഷാപഠനം ആനന്ദകരമാക്കുക | A I സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ | ജൂലൈ മുതൽ ജനുവരി വരെ | അറബിക് അധ്യാപകർ , അലിഫ് അറബിക് ക്ലബ്,ലിറ്റിൽ കൈറ്റ്സ് | |

# മേഖല – എൽ പി – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം ,സിനിമാപ്രദർശനം ,കുട്ടികവിതകൾ ,പരിചിത പദങ്ങൾ തിരിച്ചറിയുന്നു | ജൂൺ – ആഗസ്റ്റ് | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | എസ് എസ് എ |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ്ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ | *പ്രതിഭാധനരുമായി സംവദിക്കൽ<br>*ഇംഗ്ലീഷ് ബാലസഭ<br>*കടങ്കഥകൾ ഉണ്ടാക്കൽ | ജൂൺ – ഡിസംബർ | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | എസ് എസ് എ |
| വായന – ആശയമറിഞ്ഞും ഒഴുക്കോടെയും | *ക്ലാസ് ലൈബ്രറി<br>*വികസനംവാർത്താവായന മത്സരം<br>*ബാലപ്രസിദ്ധീകരണങ്ങളുടെ വായന<br>*ഡിജിറ്റൽ വായന<br>*വായനകാർഡുകൾ<br>*ചെയിൻ റീഡിംഗ്<br>*ലളിതമായ വാക്കുകളും വാക്യങ്ങളും വായിക്കുന്നു<br>*ഇംഗ്ലീഷ് അസംബ്ലി | ജൂൺ – ഡിസംബർ | ക്ലാസ് ടീച്ചർ | എസ് എസ് എ |
| ഇംഗ്ലീഷ് ഡയറി – | നിത്യവും വീട്ടിലും വിദ്യാലയത്തിലും | ജൂലൈ – | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നടത്തുന്ന പ്രവർത്തനങ്ങൾ എഴുതുന്നു | ജനുവരി | | |
| ഇംഗ്ലീഷ് തീയേറ്റർ– സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ,സംഭാഷണം ,കഥ പറയൽ ,സ്കിറ്റ് | ജൂലൈ – ജനുവരി | ക്ലാസ് ടീച്ചർ | പി ടി എ |
| വായനമൂല | കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചുള്ള പുസ്തകങ്ങൾ തിരഞ്ഞെടുത്ത വായന | ജൂലൈ – ജനുവരി | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയിലെ പ്രാവിണ്യം | കത്തെഴുതൽ | ആഗസ്റ്റ് – ഡിസംബർ | ക്ലാസ് ടീച്ചർ | |

# മേഖല – യു പി – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യക്തമായ ശ്രവണവും സംസാരവും സാധ്യമാകാനുള്ള അവസരം ഒരുക്കുക | ALL YOUR EARS<br>ലളിതവും രസകരവുമായ സംഭാഷണ ശകലങ്ങൾ കഥകൾ തുടങ്ങിയവയുടെ റെക്കോർഡുകൾ കേൾപ്പിച്ച് അതുമായി ബന്ധപ്പെട്ട എളുപ്പമുള്ള ചോദ്യങ്ങൾ ചോദിച്ച് ഉത്തരങ്ങൾ പറയാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.<br><br>COPY CAT<br>ടീച്ചർ പറയുന്ന ചെറു വാക്യങ്ങൾ ശ്രദ്ധിച്ചു കേട്ട ശേഷം അതേപടി ആവർത്തിക്കാൻ പറയുന്നു നന്നായി അവതരിപ്പിക്കുന്ന കുട്ടികളെ അഭിനന്ദിക്കുന്നു<br><br>SURPRISE BOX<br>ഒരു ബോക്സിൽ വ്യത്യസ്ത തരം വസ്തുക്കൾ /അവയുടെ പേരുകൾ സൂക്ഷിക്കുന്നു. കുട്ടികളോട് അതിൽ നിന്നും ഒന്ന് എടുക്കാനും അവയെപ്പറ്റി കുറച്ചു വാക്കുകളോ വാക്യങ്ങളോ പറയാനും ആവശ്യപ്പെടുന്നു<br><br>LISTEN AND ACT | മാസത്തിൽ രണ്ട് തവണ<br><br>ഇംഗ്ലീഷ് പീരിയഡുകൾ<br><br>ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ദൈനംദിന ജീവിതത്തിൽ കുട്ടികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന ചെറിയ വാക്യങ്ങൾ/ശൈലികൾ കേൾപ്പിക്കുകയും അവയ്ക്ക് യോജിക്കുന്ന ആംഗ്യത്തോടെ പറയാൻ അവസരം നൽകുകയും ചെയ്യുന്നു.<br><br>MY NOTEBOOK<br>ക്ലാസ് തലത്തിൽ ഇംഗ്ലീഷ് നോട്ട്ബുക്കുകൾ പരിശോധിച്ച് നല്ല കയ്യക്ഷരവും തെറ്റ് കൂടാതെയുള്ള അവതരണവും ഉള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നു. | | | |
| വായന പരിപോഷിപ്പിക്കാനുള്ള അവസരങ്ങൾ നൽകുന്നു | READ AND USE<br>ക്ലാസ് റൂം മര്യാദകൾ പൊതുവായ ഉപയോഗത്തിനുള്ള വാക്യങ്ങൾ തുടങ്ങിയവയുടെ പ്രിൻറ് ഔട്ടോ ചാർട്ട് പേപ്പറുകളോ ക്ലാസ് റൂമുകളിൽ പ്രദർശിപ്പിക്കുന്നു. അവ വായിക്കാനും ഉപയോഗിക്കാനും ഉള്ള അവസരം നൽകുന്നു.<br>STORY COLLAGE<br>പരിചിതമായ കഥകളിലെ വാക്യങ്ങൾ ക്രമം തെറ്റി കൊളാഷ് രൂപത്തിൽ നൽകുന്നു. അത് വായിച്ച് ശരിയായ രീതിയിൽ ക്രമീകരിച്ച് കഥ | ഇംഗ്ലീഷ് പീരിയഡുകൾ | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | അവതരിപ്പിക്കാൻ അവസരം നൽകുന്നു. ചെറിയ സമ്മാനങ്ങൾ നൽകുന്നു. | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള എഴുത്ത് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി | MY NOTE BOOK<br>ക്ലാസ് തലത്തിൽ ഇംഗ്ലീഷ് നോട്ട്ബുക്കുകൾ പരിശോധിച്ച് നല്ല കയ്യക്ഷരവും തെറ്റ് കൂടാതെയുള്ള അവതരണവും ഉള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നു.<br>BE ALERT<br>കുട്ടികളുടെ കയ്യക്ഷരത്തിൽ സ്കൂൾ കോമ്പൗണ്ടിൽ സൂചന ബോർഡുകൾ സ്ഥാപിക്കുന്നു.<br>Eg: Don't put waste here.<br>Keep silence.<br>Let's speak English.<br><br>THE LITERARY LENS<br>കുഞ്ഞെഴുത്തുകൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ നിർമ്മിക്കുന്നു.<br><br>PUZZLE OUT<br>ഇംഗ്ലീഷ് കുസൃതി ചോദ്യങ്ങൾ കടങ്കഥകൾ പഴഞ്ചൊല്ലുകൾ എന്നിവ എഴുതി തയ്യാറാക്കി അവതരിപ്പിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു | ടേമിൽ ഒരു തവണ<br><br>മാസത്തിലൊരിക്കൽ, ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് ക്ലബ്ബ് ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് ഇംഗ്ലീഷ് അധ്യാപകൻ |

| മേഖല- ഹൈസ്കൂൾ- ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഭാഷയിലുള്ള വായനയും സംസാരവും പ്രോത്സാഹിപ്പിക്കുക | <u>VOICE OF THE DAY</u><br>ക്ലാസ് അടിസ്ഥാനത്തിൽ Thought for the Day അവതരിപ്പിക്കുന്നു.<br><br><u>ENGLISH LIBRARY</u><br>സ്കൂൾ ലൈബ്രറിയോട് ചേർന്ന് ഇംഗ്ലീഷ് ലൈബ്രറി നവീകരിക്കുന്നു.<br><u>MY VOCAB</u><br>ഇംഗ്ലീഷ് ഭാഷയിലെ പുതിയ വാക്കുകളും അവിടെ അർത്ഥങ്ങളും കണ്ടെത്തി പദസമ്പത്ത് വർദ്ധിപ്പിക്കുകയും ക്ലാസ്സിലെ ബോർഡിൽ പതിപ്പിക്കുകയും ചെയ്യുന്നു.<br><u>NEWS TODAY</u><br>ഇംഗ്ലീഷ് ദിന പത്രം സ്കൂളിൽ ലഭ്യമാക്കുകയും ക്ലാസ് റൂമിൽ വായിക്കുകയും ചെയ്യുന്നു | ഇംഗ്ലീഷ് പീരിയഡുകൾ അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ പിടിഎ | പിടിഎ |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാൻ സജ്ജരാക്കുക | Spoken English Class.<br>English Film Presentation.<br>English Assembly.<br>English Lab. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ<br>പിടിഎ<br>ഇംഗ്ലീഷ് ക്ലബ്ബ് | പിടിഎ |

| | Meet the Writer | | | |
|---|---|---|---|---|

# മേഖല – യു. പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5,6,7 അക്ഷര ബോധം ഉറപ്പിക്കൽ: ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. | പുതിയപദങ്ങൾ,പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത്പഠിപ്പിക്കും,ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്,സീഡിയിൽ അക്ഷര രചന കാണിക്കൽ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ഹിന്ദി വായന: തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും.ഹിന്ദി വാക്യത്തോടു കൂടിയ ചിത്രകഥകളുടെ വീഡിയോ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്ന വാക്കുകളുടെ ഹിന്ദി വാക്കുകൾ പരിചയപ്പെടുത്തും. | മിക്കവാറും ക്ലാസുകളിൽ ഹിന്ദി മാത്രം ഉപയോഗിക്കും.അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും. വായനയ്ക്ക്.... ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും.കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കിവായിക്കും | ജൂൺ മുതൽ ഫെബ്രു-വരി വരെ | ഹിന്ദി അധ്യാപിക | |

| മേഖല – ഹൈസ്കൂൾ ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | കഥാവായന,കവിതാവായന എന്നിവയ്ക്ക് അവസരം നൽക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ,നോവലുകൾ, സിനിമ, എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | |
| വിവർത്തകർ,വാർത്താ വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു. | | | |

# മേഖല – എൽ പി – പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ചിത്രപ്രദർശനം ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ,ജൂലൈ, ആഗസ്റ്റ് | ക്ലാസ്സ്ടീച്ചർ എസ് ആർ ജി<br>എസ് എം സി | എസ് എം സി |
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ, പോസ്റ്റർ രചനാ മത്സരം ,അവതരണങ്ങൾ | ജൂൺ ,ജൂലൈ, ആഗസ്റ്റ് | ക്ലാസ്സ്ടീച്ചർ എസ് ആർ ജി<br>എസ് എം സി | എസ് എം സി |
| ശാസ്ത്രവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പ് തയാറാക്കൽ | ജൂൺ ,ജൂലൈ, ആഗസ്റ്റ് | ക്ലാസ്സ്ടീച്ചർ എസ് ആർ ജി<br>എസ് എം സി | എസ് എം സി |
| നിരീക്ഷണം –അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | വർഷം മുഴുവൻ | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ ,ജൂലൈ, ആഗസ്റ്റ് | | എസ് എം സി |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പ്രകൃതി നടത്തം പുഷ്പോദ്യാനം പുഷ്പമേള ഔഷധത്തോട്ടം | ഒക്ടോബർ നവംബർ ഡിസംബർ ജനുവരി | എസ് ആർ ജി<br>എസ് എം സി | |

| | | | | |
|---|---|---|---|---|
| പ്രകൃതി വിഭവ സംരക്ഷണം | പരിസ്ഥിതി സംരക്ഷണ പ്രവർത്തനം | സെപ്റ്റംബർ ,ഒക്ടോബർ | ക്ലാസ്സ്ടീച്ചർ | |
| ശാസ്ത്രയാത്ര – ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | വാനനിരീക്ഷണം പ്രദർശനം | നവംബർ ഡിസംബർ | ക്ലാസ്സ്ടീച്ചർ | എസ് എം സി |
| നാടറിയാൻ നാട്ടറിവുകൾ | കൃഷിയിടത്തിലേക്ക്,<br><br>നമുക്കുംകർഷകരാകാം | ജനുവരി | എസ് ആർ ജി<br><br>എസ് എം സി | |
| ശാസ്ത്രപരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | പരീക്ഷണം,എന്റെ സയൻസ് ലാബ് ശാസ്ത്രമൂല | ജൂലൈ, ഡിസംബർ | ക്ലാസ്സ്ടീച്ചർ | |
| ഭൂപടമൊരുക്കാം – കേരളം ഇന്ത്യ ഭൂപടവായന സൂചിക | ഭൂപടവായന<br>ഭൂപടരചന | ഡിസംബർ ജനുവരി | എസ് ആർ ജി<br>ക്ലാസ്സ്ടീച്ചർ | പി ടി എ |
| ശാസ്ത്ര വിസ്മയ ചുമർ – ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ജൂൺ –ജനുവരി | എസ് ആർ ജി<br>ക്ലാസ്സ്ടീച്ചർ | പി ടി എ |
| ശാസ്ത്രോത്സവം – ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, പരീക്ഷണം, ആൽബം | ഡിസംബർ –ജനുവരി | എച്ച് എം<br>എസ് ആർ ജി<br>ക്ലാസ്സ്ടീച്ചർ | പി ടി എ |

| മേഖല – യു പി – സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാസ്ത്രപ്രവർത്തനങ്ങൾ , പരീക്ഷണങ്ങൾ എന്നിവയിൽ ശാസ്ത്രകിറ്റ് ,ലാബ് @ ഹോം എന്നിവ പ്രയോജനപ്പെടുത്തുന്നതിന് | • കുട്ടികൾക്കും അദ്ധ്യാപകർക്കും ശാസ്ത്രകിറ്റ്.<br>• ശാസ്ത്രകിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങളുടെ ലിസ്ററ് തയാറാക്കൽ<br>• സാധനങ്ങൾ ശേഖരിക്കൽ<br>• ശേഖരിച്ച സാധനങ്ങളുടെ ചിട്ടയായ ക്രമീകരണം<br>• ക്ലാസ്റൂം പ്രവർത്തങ്ങളിലെ ഉല്പന്നങ്ങൾ ഹോം ലാബിലേക്ക് | ദീർഘകാല പ്രവർത്തനം<br>ജൂൺ പ്രവർത്തനാരംഭം | ശാസ്ത്രധ്യാപകൻ | |
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്,കെമിസ്ട്രി ,ബിയോളജി എന്നിങ്ങനെ തരം തിരിച്ചു ക്രമീകരിക്കൽ | ജൂൺ | ശാസ്ത്രധ്യാപകൻ | |
| പ്രായോഗിക ജീവിതത്തിൽ ശാസ്ത്രീയ മനോഭാവം അവലംബിക്കൽ | • വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശാസ്ത്ര ക്ലാസുകൾ<br>• പച്ചക്കറിത്തോട്ട നിർമ്മാണം | ജൂൺ | ശാസ്ത്രധ്യാപകൻ | |
| ലഹരി ഉപയോഗത്തിന് | • ബോധവൽക്കരണക്ലാസ് | ജൂൺ 26 | ശാസ്ത്രധ്യാപക | |

| | | | | |
|---|---|---|---|---|
| എതിരായ മനോഭാവം വളർത്തുകയും ലഹരിക്കെതിരായ നിലപാട് കൈക്കൊള്ളാൻ പ്രാപ്തരാക്കുകയും ചെയ്യുക | • ചിത്രരചനമത്സരം<br>• പോസ്റ്റർ നിർമ്മാണം<br>• ലഹരിക്കെതിരെയുള്ള തുടർപ്രവർത്തനം<br>• ലഹരിവിരുദ്ധപ്രതിജ്ഞ | | ൻ | |
| ശാസ്ത്രസാങ്കേതിക മേഖലകളിലെ മനുഷ്യനേട്ടങ്ങൾ മനസ്സിലാക്കാനും പ്രചോദനം ഉൾകൊള്ളാനും കഴിയുന്നതിന് | • ചാന്ദ്രദിനാഘോഷം<br>• ചാന്ദ്രദിനക്വിസ്<br>• ചാന്ദ്രദിനപതിപ്പ് തയ്യാറാക്കൽ | ജൂലൈ 21 | ശാസ്ത്ര ക്ലബ് | |
| ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക ,ആധുനി കശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | • വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണ നിരീക്ഷണങ്ങളൽ ഏർപ്പെടുന്നു .<br>• ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയച്ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു | ദീർഘകാല പ്രവർത്തനം | ശാസ്ത്രധ്യാപക ൻ | |
| ശാസ്ത്രചിന്ത,പരീക്ഷണശേ ഷി എന്നിവ പരിപോഷിപ്പിക്കുകയും ശാസ്ത്രപഠനത്തിൽ ഔന്നിത്യം നേടുകയും | • ശാസ്ത്രപ്രതിഭ പരിപോഷണപരിപാടി<br>• ശാസ്ത്രക്വിസ് പരിശീലനം– മുഴുവൻകുട്ടികളെയും ഉൾപ്പെടുത്തി പരിശീലനം നൽകുന്നു . ക്ലാസ് ,സ്കൂൾതല മത്സര | സെപ്റ്റംബർ ഒക്ടോബർ മേഖല യു പി സയൻസ് | ശാസ്ത്രധ്യാപക ൻ | |

| | | | | |
|---|---|---|---|---|
| ചെയ്യുന്നതിന് | സംഘടിപ്പിക്കുന്നു.വിജയികളെ ശാസ്ത്രമേളയ്ക്ക് തയ്യാറാക്കുന്നു .<br>• സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കൽ – താല്പര്യമുള്ള മുഴുവൻകുട്ടികളെയും ഉൾപ്പെടുത്തി ശാസ്ത്രമേള സംഘടിപ്പിക്കുന്നു. മികവ് പുലർത്തുന്നവർക്ക് ഉയർന്ന തലത്തിൽ മത്സരിക്കാൻ പരിശീലനം നൽകുന്നു . | | | |
| കൗമാരഘട്ടത്തിലെ ശാരീരിക മാനസിക മാറ്റങ്ങളെ തിരിച്ചറിയാനും ഉൾക്കൊള്ളാനും സാധിക്കുന്നതിന് | കൗമാര ലൈംഗിക വിദ്യാഭ്യാസം വിദഗ്ധരെ പങ്കെടുപ്പിച്ച ബോധവത്കരണക്ലാസ്സ് കൗൺസിലിങ് ക്ലാസ് | നവംബർ | ശാസ്ത്രധ്യാപകൻ<br>സ്കൂൾ കൗൺസിലർ | |
| നിരീക്ഷണം,പ്രൊജക്റ്റ്, എന്നിവയിലൂടെ സ്വന്തം വീട്ടിലും നാട്ടിലും നിലനിൽക്കുന്ന മലിനീകരണ പ്രശ്നങ്ങൾ അന്വേഷിച്ച കണ്ടെത്തി പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കാൻ | സർവ്വേ പ്രൊജക്റ്റ് | ജനുവരി | ശാസ്ത്രധ്യാപകൻ | |
| ശാസ്ത്രമികവ് സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കുവാൻ | • ശാസ്ത്രപഠനത്തിൽ തന്റെ മികവ് പ്രദർശിപ്പിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു –മികവുത്സവം | ഫെബ്രുവരി | ശാസ്ത്രധ്യാപകൻ<br>പി ടി എ | |

| | | | | |
|---|---|---|---|---|
| സാധിക്കുന്നു | | | | |

# മേഖല ഹൈസ്ക്കൂൾ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപദങ്ങളേ പറ്റിയുള്ള അറിവ് കുട്ടികളിൽ വളർത്തുക | • ചെറിയ ആനിമേഷൻ വീഡിയോ കാണിച്ച് കുട്ടികളിൽ അറിവ് വളർത്തുക<br>• ക്വിസ്സുകൾ നടത്തുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | • മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി കുട്ടികൾ സ്വയം മോഡലുകൾ നിർമ്മിക്കുന്നു<br>• ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു<br>• പ്രകൃതി നിരീക്ഷണവും സ്പെസിമെൻ ശേഖരണവും നടത്തുവാനുള്ള നിർദ്ദേശം നൽകി കുട്ടികൾ നിരീക്ഷിച്ച് മാറ്റങ്ങളും സവിശേഷതകളും മനസ്സിലാക്കുന്നു<br>• ഗവേഷണാത്മക പ്രോജക്ട് അടിസ്ഥാനമാക്കിയുള്ള സയൻസ് പഠനം<br>• ശാസ്ത്രവുമായി ബന്ധപ്പെട്ട | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ദിനങ്ങളുടെ ദിനാചരണം<br>• സയൻസ് എക്സിബിഷൻ<br>• ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിക്കുന്നു | | | |

# മേഖല – യു പി – സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ ,നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക് – *സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. *അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ ,വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമികവർഷാരംഭം ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ലോകത്തിലെ ചരിത്രപ്രാധ്യാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമികവർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| ദിനാചരണങ്ങളുടെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുക | വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം പ്രധാന ദിനങ്ങളുടെ സമുചിതമായ ആഘോഷം | ഒരു വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | (പോസ്റ്റർ നിർമ്മാണം ചിത്ര രചന പ്രസംഗ മത്സരം തുടങ്ങിയ ) | | | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | | | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം,സുനാമി, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതി ജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച മനസ്സിലാക്കുന്നു .പ്രഗത്ഭരുടെ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ് | പി ടി എ |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ,ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| വിവരസാങ്കേതിക വിദ്യയുടെ | സാമൂഹ്യശാസ്ത്രക്ലബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് | അക്കാദമിക | സാമൂഹ്യശാസ്ത്ര | |

| | | | | |
|---|---|---|---|---|
| ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | വർഷം | ക്ലബ് | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു . | മത്സരബുദ്ധിയോടെ വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | | |

# മേഖല – ഹൈസ്ക്കൂൾ – സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാട്ടും മേട്ടും:** ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. **വയൽ കിളികൾ :** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം ,മൂല്യബോധം ഇവ വളർത്തുക | **ഒന്നായിനമ്മൾ :** സ്കൂൾ പാർലമെന്റ് , മോക്ക് പാർലമെന്റ് ,പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ , കുട്ടികൾ, സുമനസ്സുകൾ |
| സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ട് അപ്പ് :** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ എന്നിവ | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി ടി എ |

| | | | | |
|---|---|---|---|---|
| | കൗതുകം ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | | | |
| മതേതരത്വം , സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ :** സർവ്വേ, പ്രൊജക്റ്റ്, ചർച്ചകൾ, സംവാദം , ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥല നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **പട്ടുപാതയിലൂടെ :** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു.ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ് ,മാപ്പുകൾ,ഗ്ലോബ്, എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം :** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ , ദിനാചരണങ്ങൾ, പ്രശ്നോത്തരി , സംവാദം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ,എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം , പ്രൊജക്റ്റ് റൂം , ചരിത്ര സിനിമ പ്രദർശനം etc. | | | |
| വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | **ചരിത്ര കൊട്ടാരം :** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞ് പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| മേഖല – എൽ പി – ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത കിറ്റ്<br>ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം,<br>ക്യാമ്പ് സംഖ്യാകാർഡ്<br>എന്റെ ഗണിത ബുക്ക് | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>ക്ലാസ് പി ടി എ<br>എസ് ആർ ജി | എസ് എം സി |
| ഗണിത ചിന്താ ശേഷി വളർത്തൽ | രൂപങ്ങൾ വരയ്ക്കൽ<br>ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ )<br>റിബൺ ചിത്രങ്ങൾ<br>ATM നിർമ്മാണം<br>സമ്പാദ്യപ്പെട്ടി | ജൂൺ– ജനുവരി | ക്ലാസ് ടീച്ചർ<br>എസ് ആർ ജി | എസ് എസ് എ<br><br>എസ് എം സി |
| ജ്യാമീതിയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമി,ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ഒക്ടോബർ – നവംബർ | എസ് ആർ ജി<br>പി ടി എ | എസ് എസ് എ |
| ഗണിതം ലളിതം | ഗണിതോത്സവം | ജനുവരി | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | എസ് എം സി |
| ഗണിത പഠനത്തിൽ താൽപര്യമുണ്ടാക്കുന്നതിന് | ഗണിത കളി<br>കൂട്ട് കൂടാം–സങ്കലനം<br>എടുത്തുമാറ്റം–വ്യവകലനം<br>ബോൾ കളി (എണ്ണാം എഴുതാം) | ഒക്ടോബർ<br>ജനുവരി | ക്ലാസ് ടീച്ചർ | ക്ലാസ് പി ടി എ |

| | | | | |
|---|---|---|---|---|
| | കമ്പ്യൂട്ടർ ഗെയിം | | | |
| യുക്തിചിന്ത<br>ഗണിതാവബോധം<br>രസകരമാക്കൽ | വർണ്ണക്കടലാസിൽ<br>സംഖ്യാകാർഡ്<br>ഡോമിനോ കളി(വ്യവകലനം)<br>ബാഡ്ജ് നിർമ്മാണം<br>അലങ്കാര രൂപങ്ങൾ | ജൂലൈ–<br>ഡിസംബർ | | |
| ചതുഷ് ക്രിയകൾ<br>ലളിതമാക്കൽ | വിവിധതരം കളികൾ –<br>ഏണിയും പാമ്പും<br>ഡയസ് കളി<br>സങ്കലനം വ്യവകലനം<br>കച്ചവടകളി | ജൂൺ–ജനുവരി | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം<br>കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമാണം | ഡിസംബർ<br>ജനുവരി | ക്ലാസ് ടീച്ചർ | പി ടി എ |
| ഗണിത പഠനം<br>സുതാര്യമാക്കൽ | ഗണിതലാബ്<br>ഒരുക്കൽ | ജൂൺ–ജനുവരി | എച്ച് എം<br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പി ടി എ |
| പഠനോപകാരണങ്ങളിലൂടെ<br>ഗണിത പഠനം<br>രസകരമാക്കൽ | പഠനോപകരണങ്ങളുടെ നിർമ്മാണം,<br>പ്രദർശനം | സെപ്റ്റംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ | പി ടി എ |

# മേഖല – യു പി – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു | ഗണിതശില്പശാല – കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മഞ്ചാടിക്കുരു ,മുത്തുകൾ എന്നിവ ഉപയോഗിക്കുന്നു ) | ജൂൺ | ഗണിത അധ്യാപകർ | |
| രസകരമായ ഗണിതശാസ്ത്രപഠനവും കരചലനശേഷിയുടെ വികാസവും | ഒറിഗാമി ശിൽപശാല _ ജാപ്പനീസ് ശില്പശാലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ , പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതപഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | ഗണിത ക്ലബ് ,പി ടി എ |

| | | | | |
|---|---|---|---|---|
| ഗണിതമേഖലയിൽ കുട്ടികൾക്ക് താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത പ്രാവീണ്യമുള്ള അധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ ക്ലബ് ലീഡർ | പി ടി എ |
| ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐ ടി സാധ്യതകളിലൂടെ - ജ്യാമിതീയ രൂപങ്ങൾ,ചതുഷ് ക്രിയകൾ ,ടാൻഗ്രാം ഏതു പോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിതക്ലിനിക്ക് -** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| വിവിധ ശേഷിയുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | ആവശ്യാനുസരണം | എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| | നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു.നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | | | |

| മേഖല – ഹൈസ്ക്കൂൾ – ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |

| | | | | |
|---|---|---|---|---|
| ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം** –പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>ഗണിത ക്ലിനിക്ക് | ജൂൺ | ഗണിതഅധ്യാപകർമുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത , ശില്പശാല | തുടർപ്രവർത്തനം | ഗണിതഅധ്യാപകർ | |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിതഅധ്യാപകർ<br>പി ടി എ | പി ടി എ |
| ഗണിത ആശയത്തിൽ നിന്ന് ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ ,അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു .ക്ലബ് പ്രവർത്തങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത അധ്യാപകർ<br>ഗണിത ക്ലബ് | പി ടി എ |
| സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർപ്രവർത്തനം | ഗണിത അധ്യാപകർ<br>സംഘത്തലവൻ | |
| ഗണിത മത്സാരാവേദിയിലേക്ക് – | ഗണിത ക്ലബിന്റെ പ്രവർത്തങ്ങൾ മെച്ചപ്പെടുത്തൽ, പ്രവർത്തങ്ങൾ | ജൂലൈ – ഒക്ടോബർ | ഗണിത അധ്യാപകർ | ഗണിത ക്ലബ് |

| | | | | |
|---|---|---|---|---|
| മേളകളിൽ ഊർജ്വസ്വലത കൈവരിക്കാൻ | പ്രാപ്തരാക്കൽ | | ഗണിത ക്ലബ് | പി ടി എ |
| ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂലൈ – ഡിസംബർ | ഗണിത അധ്യാപകർ<br>ഗണിത ക്ലബ് | ഗണിത ക്ലബ്<br>പി ടി എ |
| ഗണിതത്തോടു അഭിരുചി വളർ<u>ത്തു</u>ന്നു | കുസൃതി കണക്കുകൾ,ഗണിത കളികൾ, നമ്പർ ചാർട്ടുകൾ ജോമെട്രിക്കൽ ചാർട്ടുകൾ എന്നിവ | ജൂൺ – ഡിസംബർ | ഗണിത അധ്യാപകർ<br>ഗണിത ക്ലബ് | |

| മേഖല – ആരോഗ്യ കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| സ്കൂളിലെ മൊത്തം കുട്ടികളെ കായികക്ഷമതയുള്ള കുട്ടികളാക്കി മാറ്റും | കായികക്ഷമത കുട്ടികളിൽ വളർത്തുന്നതിനായി വ്യായാമം പ്രവർത്തനങ്ങൾ കുട്ടികൾക്കനുയോജ്യമായ രീതിയിൽ നൽകുന്നു | അക്കാദമിക വർഷാവസാനം വരെ | കായിക അധ്യാപകൻ | |

# ഉപസംഹാരം

അഴീക്കോടിന്റെ ഗവ.ഹയർ സെക്കന്ററി സ്കൂളിന്റെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റ പാഠ്യ പഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായു പ്രാവർത്തികമാക്കാൻ ഇ അക്കാദമിക് മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.